# Deepika

## 16 July 2018

## Kizhakambalam, Ambalamugal, Heavy Rain, Roads Damaged, Traffic Jam



അമ്പലമുകൾ അമാസിനു മുന്നിലെ റോഡ് വെള്ളക്കെട്ട് മൂലം പൊട്ടിപ്പൊളിഞ്ഞ നിലയിൽ

# കനത്ത മഴയിൽ അമ്പലമുകളിൽ റോഡ് തകർന്നു

**കിഴക്കമ്പലം:** കനത്ത മഴയെത്തുടർന്ന് ചിത്രപ്പുഴ-കിഴക്കമ്പലം റോഡിലെ അമ്പലമുകൾ അമാസിനു മുന്നിലെ റോഡ് തകർന്നു. ഇന്നലെ രാവിലെ മുതൽ പെയ്ത ശക്തമായ മഴയിൽ റോഡിൽ രൂക്ഷമായ വെള്ളക്കെട്ടുണ്ടായി വൻകുഴികൾ രൂപപ്പെട്ടിട്ടുണ്ട്.

റിഫൈനറിയിലേക്കുള്ള ഭാരവണ്ടികളടക്കം ആയിരക്കണക്കിന് വാഹനങ്ങൾ കടന്നു പോകുന്ന റോഡ് ത്കർന്നതോടെ ആടിയും ഇഴഞ്ഞുമാണ് ദിവസേന വാഹനങ്ങൾ നീങ്ങുന്നത്. മണിക്കൂറുകളോളം ഗതാഗത സ്തംഭനവും റോഡിൽ പതിവാണ്. എച്ച്ഒസി, കുഴിക്കാട് സ്കൂൾ പ്രദേശങ്ങളിൽ നിന്നും കുത്തിയൊലിച്ചിറങ്ങിവരുന്ന മാലിന്യം മുഴുവൻ റോഡിലാണടിയുന്നത്.

വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഡ്രെയിനേജ് സംവിധാനം അധികൃതർ ഒരുക്കാത്തതാണ് വെള്ളക്കെട്ട് നിലനിൽക്കുന്നതിനുള്ള കാരണമെന്നാണ് നാട്ടുകാർ പറയുന്നത്.

അമ്പലമുകൾ റിഫൈനറി ഐആർഇപി പ്ലാന്റിനു തൊട്ടു മുന്നിലുള്ള റോഡായിട്ടു പോലും കമ്പനി അധികൃതർ പ്രശ്നം കണ്ടില്ലെന്ന് നടിക്കുകയാണെന്നും ആരോപണമുണ്ട്.

മഴ ശക്തമാകുന്നതോടെ റോഡ് മുഴുവൻ പൊട്ടിപ്പൊളിയുന്ന സ്ഥിതിയാകും. നിർമാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത അവസ്ഥയിലാകുന്നതിന് മുമ്പ് റോഡിലെ വെള്ളക്കെട്ട് നീക്കി ഡ്രെയിനേജ് സംവിധാനമൊരുക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.